## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1772

5.12.2014-ൽ മറുപടിക്ക്

# പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിലെ ആശാസ്ത്രീയത കാരണം പഞ്ചായത്ത് ലൈസൻസ് നൽകാത്ത സ്ഥിതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | | ഡോ: എം.കെ. മുനീർ (പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിലെ ആശാസ്ത്രീയത കാരണം പഞ്ചായത്ത് ലൈസൻസ് നൽകാത്ത സ്ഥിതിയുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ പരിഹാരം കാണുന്നതിനു എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്;<br><br>(സി) ഇല്ലെങ്കിൽ പരിഹാരം കാണുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (എ), (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>2011 കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി നൽകുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്തുകളെ 2 കാറ്റഗറികളായി തിരിച്ചിട്ടുണ്ട്. മുൻപ് കെ.എം.ബി.ആർ. ബാധകമാക്കിയിരുന്ന ഗ്രാമ പഞ്ചായത്തുകളാണ് 1-ാമത്തെ കാറ്റഗറിയിൽ വരുന്നത്. മറ്റു പഞ്ചായത്തുകളെല്ലാം 2-ാമത്തെ കാറ്റഗറിയിൽ പെടുന്ന ഗ്രാമ പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻകൂർ പെർമിറ്റ് അനിവാര്യമാണ്. എന്നാൽ കാറ്റഗറി 2-ൽ പ്പെടുന്ന ഗ്രാമ പഞ്ചായത്തുകളിൽ 100 ചതുരശ്രമീറ്റർ വരെയുള്ളതും ഗ്രൂപ്പ് എ1 താമസ ആവശ്യ ഒക്യൂപൻസിയിലെ ഏക കുടുംബ താമസാവശ്യ കെട്ടിടങ്ങളെയും (2നില) മറ്റു ചില നിർമ്മാണങ്ങളെയും മുൻകൂർ പെർമിറ്റ് വാങ്ങുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരം നിർമ്മിതികളെല്ലാം കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കും മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കേണ്ടതാണ്. കെട്ടിടം നിർമ്മിക്കുന്നത് ചട്ട ലംഘനം ഉണ്ടെങ്കിൽ |

അത് നിർത്തിവയ്ക്കുന്നതിനും ലംഘനത്തോടെ നിർമ്മിച്ച ഭാഗം പൊളിച്ചു നീക്കുന്നതിനും കെട്ടിട ഉടമയോട് നിർദ്ദേശിക്കുന്നതിനും സെക്രട്ടറിയ്ക്ക് ചുമതലയുണ്ട്. 2013 മാർച്ച് 31 വരെയുള്ള അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിച്ച് നൽകുന്നതിനു വേണ്ടിയുള്ള ചട്ടങ്ങൾ 21.03.2014-ലെ ജി.ഒ.(എം.എസ്.)നം. 150/2014/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം വിജ്ഞാപനമായി പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ